## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 513

06.02.2013- ലെ മറുപടിക്ക്

### സഹകരണ നിക്ഷേപ സമാഹരണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ നിക്ഷേപ സമാഹരണ യജ്ഞം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2012 ഡിസംബർ 1-ാം തീയതി മുതൽ 2013 ജനവരി 15-ാം തീയതി വരെ 33-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിൻ നടത്തിയിരുന്നു. "നിക്ഷേപം നാടിനും നാട്ടുകാരുടെ ക്ഷേമത്തിനും" എന്നതായിരുന്നു നിക്ഷേപ സമാഹരണ ക്യാമ്പയിനിന്റെ സന്ദേശം. |
| ബി) പ്രസ്തുത യജ്ഞത്തിൽ ഏതെല്ലാം ബാങ്കുകളെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവയെ നിക്ഷേപ സമാഹരണ യജ്ഞത്തിൽ ഉൾപ്പെടുത്തിയിരുന്നു. |
| സി) ആരുടെ നേതൃത്വത്തിലാണ് യജ്ഞം നടത്തുന്നത്; | (സി) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയാണ് നിക്ഷേപ സമാഹരണ യജ്ഞം നടത്തിയത്. |
| ഡി) എത്ര കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ? | (ഡി) നിക്ഷേപ സമാഹരണം മുഖേന 4500 കോടി രൂപയുടെ അധിക നിക്ഷേപം സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരുന്നു. നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെ 5194.36 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ